# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3122** 15.12.2015 -ൽ മറുപടിക്ക്

## പരമ്പരാഗത തിരുവാഭരണ പാതയിലെ പാലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) റാന്നി നിയോജകമണ്ഡലത്തിലെ പരമ്പരാഗത തിരുവാഭരണ പാതയിലുള്ള പേരൂർച്ചാൽ കടവിൽ പമ്പാ നദിക്കു കുറുകെ നിർമ്മിക്കുന്ന പേരൂർ സ്പിൽ പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; നദിയിൽ വെള്ളം കുറയുന്ന ഫെബ്രുവരി മുതൽ ഏപ്രിൽ വരെയുള്ള കാലത്ത് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും വിധം ഇത് പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) പേരൂർച്ചാൽ പാലം നിർമ്മാണത്തിന്റെ ഫൗണ്ടേഷന്റെ പണികൾ 90% വും സബ് സ്ട്രക്ചർ 50% വും പൂർത്തിയായി. സൂപ്പർ സ്ട്രക്ചറിന്റേയും പണികൾ നടന്നു വരുന്നു. കീക്കോഴൂർ സൈഡിലെ ആദ്യ സ്പാനിന്റെ ഒരു ബീമിന്റെ പണി പൂർത്തിയായി. അതിന്റെ പ്രീ സ്ട്രെസിംഗ് 10.12.2015 ൽ നടത്താൻ ഉദ്ദേശിക്കുന്നു. ഒരു പിയർ ക്യാപ്പിനു വേണ്ട ഷട്ടറിംഗും കമ്പികെട്ടും നടന്നു കൊണ്ടിരിക്കുന്നു.<br><br>മണിയാർ ഡാം തുറക്കുന്നതിനാൽ വേനൽക്കാലത്തും ജലനിരപ്പ് കുറയാത്തത് പണിയെ സാരമായി ബാധിച്ചു. കൂടാതെ കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ കാരണവും നിർമ്മാണം മന്ദഗതിയിലായി. എന്നാൽ ഇപ്പോൾ പണികൾ പുനരാരംഭിച്ചു തുടർന്നു വരുന്നു. |
| (ബി) തിരുവാഭാരണ പാതയിലെ വേണാട്ടു കടവിലും പൂവത്തുംകാട് കടവിലും പാലങ്ങൾ തീർത്തെങ്കിലും ഇവിടെ സമീപ റോഡുകളുടെ | (ബി) പോങ്ങോട്ടു കടവ് പാലത്തിന്റെ സമീപ റോഡുകൾ വാഹനങ്ങൾ പോകുന്നതിന് തടസ്സമില്ലാത്ത വിധം ക്രമീകരിച്ചിട്ടുണ്ട്. ടി സമീപ റോഡുകളുടെ ചിപ്പിംഗ് കാർപെറ്റിന്റെ പണികളുടേയും കളിക്കട |

| | | | |
|---|---|---|---|
| | നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പാലത്തിലൂടെ വാഹനയാത്ര നടത്താൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ സമീപ റോഡുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവയ്ക്ക് ഭരണാനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | വിന്റെ പണികളുടേയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പൂവത്തുംമൂട് കടവ് പാലത്തിന്റെ സമീപ റോഡുകൾ 7 മീറ്റർ വീതിയിൽ ടാറിംഗ് പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. |
| (സി) | ഇത്തവണ ശബരിമല ഉത്സവത്തിന് തിരുവാഭരണ ഘോഷയാത്രയ്ക്ക് സുഗമമായി യാത്ര ചെയ്യാൻ കഴിയുംവിധം ഇരു പാലങ്ങളുടെയും സമീപ റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന കാലയളവിനു മുമ്പു തന്നെ പാലങ്ങളുടേയും സമീപ റോഡുകളുടേയും പണികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ